വൽക്കരിക്കാതെ നിവർത്തിയില്ല എന്ന ഘട്ടത്തിൽ കോർപ്പറേഷൻ എത്തി നിൽക്കുകയാണ്. ഇതിനുവേണ്ടി റബ്ബർ ബോർഡും മറ്റുള്ളവരുമായി ചർച്ചകൾ ആരംഭിച്ചു കഴിഞ്ഞു.

(സി) ഇത് ഡിസംബർ 2004 മുതലുള്ള സ്റ്റോക്കാണ്.

(ഡി) അപ്പപ്പോൾ ഉള്ള മാർക്കറ്റ് കണ്ടീഷൻ വെച്ചാണ് സെൻട്രിഫ്യൂജ്ഡ് ലാറ്റക്സിന്റെ വില തീരുമാനിക്കുന്നത്. ഇത്രയും കാലം കെട്ടിക്കിടക്കുന്നതുകൊണ്ട് ഇതിന്റെ വിലയിൽ സാരമായ കുറവുണ്ടാവാനുള്ള സാദ്ധ്യത ഇല്ല.

കണ്ണൂർ ജില്ലയിലുള്ള മൃഗാശുപത്രികളിലെ പ്രശ്നങ്ങൾ

335 [1275] *ശ്രീ. കെ. പി. മോഹനൻ*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മൃഗാശുപത്രികളിൽ ആവശ്യത്തിന് ഡോക്ടർമാരും, ഔഷധങ്ങളും ഇല്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(ബി) കണ്ണൂർ ജില്ലയിലെ മിക്ക മൃഗാശുപത്രികളിലും കാർമിനേറ്റീവ് മിക്സ്ചർ എന്ന മരുന്ന് വരിക്കാത്തത് മൃഗസംരക്ഷണ പ്രവർത്തനങ്ങൾക്ക് പ്രയാസം സൃഷ്ടിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കണ്ണൂർ ജില്ലയിലെ കുരിയാട്, ചൊക്ളി, പന്ന്യന്നൂർ, മൊകേരി എന്നീ മൃഗാശുപത്രികളിൽ ഡോക്ടർമാരെ നിയമിക്കാൻ സത്വര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഡോക്ടർമാരുടെ ഒഴിവുകൾ നികത്താനായി പി. എസ്. സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ 2004-2005 സാമ്പത്തിക വർഷം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന 165 ഡോക്ടർമാരെ നിയമിച്ചിട്ടുണ്ട്. മരുന്നുകൾ കുറവായത് ശ്രദ്ധയിൽപ്പെട്ടിരുന്നു. സത്വര നടപടികൾവഴി ആവശ്യാനുസരണം മരുന്നുകൾ ലഭ്യമാക്കിയിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിരുന്നു. കാർമിനേറ്റീവ് മിക്സ്ചർ നിർമ്മിക്കുന്നതിനാവശ്യമായ മരുന്നുകൾ നൽകിയിട്ടുണ്ട്.

(സി) നടപടി സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly